**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 852 — 30.10.2019-ൽ മറുപടിക്ക്

# അടിമാലി ട്രൈബൽ ഡവലപ് മെന്റ് ഓഫീസറുടെ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അഞ്ച് കോടി രൂപ ചെലവിട്ട് നിർമ്മിച്ച അടിമാലിയിലെ ഹോസ്റ്റൽ കെട്ടിടം ജനപ്രതിനിധികളെ അറിയിക്കുക പോലും ചെയ്യാതെ ഉദ് ഘാടനം ചെയ്ത അടിമാലി ട്രൈബൽ ഡവലപ് മെന്റ് ഓഫീസറുടെ നടപടികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | അടിമാലി ട്രൈബൽ ഡവലപ് മെന്റ് ഓഫീസറുടെ അധികാര പരിധിയിൽ വരുന്ന ഇരുമ്പുപാലം പ്രീ-മെട്രിക് ഹോസ്റ്റലിന് വേണ്ടി പുതുതായി പണിത കെട്ടിടത്തിന്റെ ഉദ് ഘാടനം നടത്തിയിട്ടില്ല. നിലവിൽ പ്രവർത്തിക്കുന്ന ഹോസ്റ്റൽ കെട്ടിടം ഈ വർഷത്തെ പ്രളയമുണ്ടായ സമയത്ത് അപകടാവസ്ഥയിലായതിനാൽ ടി കെട്ടിടത്തിൽ നിന്നും കുട്ടികളെ പുതിയ കെട്ടിടത്തിൽ താൽക്കാലികമായി മാറ്റി പാർപ്പിച്ചിരുന്നു. ഔദ്യോഗികമായി ഉദ് ഘാടനം ചെയ്യുന്നതിനുള്ള നടപടി ഉടനെ സ്വീകരിക്കുന്നതാണ്. |
| ബി) | എങ്കിൽ ടിയാനെതിരെ സ്വീകരിച്ചിട്ടുള്ള നടപടിയെന്താണെന്ന് വ്യക്തമാക്കാമോ; | ബി) | ബാധകമല്ല. |
| സി) | പ്രസ്തുത നടപടികൾ ശ്രദ്ധയിൽപ്പെട്ടി ട്ടില്ലെങ്കിൽ അടിമാലി ടി. ഡി. ഒ. യുടെ പ്രസ്തുത നടപടികൾ അന്വേഷിക്കുവാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ? | സി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**